REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-09-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാൻമന്ത്രി ഗ്രാമീണ ആവാസ് യോജനയുടെ ജാർഖണ്ഡിലെ ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യഗഡു ഇന്ന് വിതരണം ചെയ്യും.
- CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ഭൗതിക ശരീരം രാവിലെ ഡൽഹിയിൽ പൊതുദർശനത്തിന് വയ്ക്കും.
- ഇന്ന് ഉത്രാടം. തിരുവോണത്തെ വരവേൽക്കാൻ അവസാനവട്ട ഒരുക്കങ്ങൾ.
- ലക്ഷദ്വീപ് - ബേപ്പൂർ പാസഞ്ചർ കപ്പൽ സർവീസ് അടിയന്തരമായി പുനഃസ്ഥാപിക്കാൻ നടപടിയെടുക്കുമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.
- ISL ഫുട്ബോളിൽ മോഹൻ ബഗാൻ, മുംബൈ സിറ്റി FC മത്സരം സമനിലയിൽ.

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി ഗ്രാമീണ ആവാസ് യോജനയുടെ ജാർഖണ്ഡിലെ ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യഗഡു ഇന്ന് വിതരണം ചെയ്യും. ജംഷഡ്പൂരിലെ ചടങ്ങിൽ 20,000 ത്തോളം പേർക്കാണ് പദ്ധതിയിലെ അനുമതിപത്രങ്ങൾ വിതരണം ചെയ്യുകയെന്ന് കേന്ദ്ര- ഗ്രാമ വികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ന്യൂഡൽഹിയിൽ പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

.................(വോയ്സ്)................

ഇതിനു പുറമെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അഞ്ച് കോടി രൂപയും പ്രധാനമന്ത്രി നരേന്ദ്രമോദി കൈമാറും. പദ്ധതിയിൽ പൂർത്തീകരിച്ച 46,000 ത്തോളം വീടുകളുടെ ഗൃഹപ്രവേശ ചടങ്ങും ഇതോടൊപ്പം സംഘടിപ്പിക്കും. 'ആവാസ് പ്ലസ് 2024' ആപ്പും നരേന്ദ്രമോദി പ്രകാശനം ചെയ്യും.

ഗുജറാത്തിലെ ഗുണഭോക്താക്കൾക്ക് തിങ്കളാഴ്ചയും, മറ്റു സംസ്ഥാനങ്ങളിൽ പദ്ധതിയിലുൾപ്പെട്ടവർക്ക് ചൊവ്വാഴ്ചയും ധനസഹായം നൽകും. ആവാസ് യോജനയിൽ ഗുണഭോക്താക്കളാകുന്നവർക്ക് മറ്റു ക്ഷേമപദ്ധതികളായ തൊഴിലുറപ്പു പദ്ധതി, സ്വച്ഛ്ഭാരത് മിഷൻ, ജൽജീവൻ മിഷൻ, ഉജ്ജ്വല യോജന, സൂര്യാഘർ മുഫ്ത് ബിജിലി യോജന തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യങ്ങളും ലഭ്യമാക്കും.

✪✪✪

അടുത്ത അഞ്ച് വർഷങ്ങളിൽ രണ്ട് കോടി വീടുകൾ പദ്ധതിയിൽ കൂടുതലായി നിർമ്മിക്കും. ഇതിന് മൂന്ന് ലക്ഷത്തി ആറായിരം കോടി രൂപയാണ് ചെലവു കണക്കാക്കുന്നത്. പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ നാലാം ഘട്ടത്തിൽ 62,500 കിലോമീറ്റർ റോഡുകൾ നിർമ്മിച്ച് 25,000 ത്തോളം ജനവാസകേന്ദ്രങ്ങളെ റോഡ് ശൃംഖലയിൽ ബന്ധിപ്പിക്കുമെന്നും ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു.

നാളെ ജംഷഡ്പൂരിൽ പ്രധാനമന്ത്രി ആറ് വന്ദേഭാരത് എക്സ്പ്രസ് സർവീസുകളും ഫ്ലാഗ് ഓഫ് ചെയ്യും. ടാറ്റാനഗർ റെയിൽവെ സ്റ്റേഷനിലാണ് ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്. തുടർന്ന് ജംഷഡ്പൂരിലെ ഗോപാൽമൈതാനത്ത് പൊതുയോഗത്തെ നരേന്ദ്രമോദി അഭിസംബോധന ചെയ്യും. അതിനു മുന്നോടിയായി ഒന്നര കിലോമീറ്ററോളം റോഡ് ഷോ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഏഴാമത് ദേശീയ സുരക്ഷാ നയതന്ത്ര സമ്മേളനം കേന്ദ്രമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. രണ്ടു ദിവസത്തെ സമ്മേളനം, ദേശീയ സുരക്ഷാ വെല്ലുവിളികളെ നേരിടുന്നതിന് സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണപ്രദേശങ്ങൾ, കേന്ദ്ര സായുധ പൊലീസ്

സേനകൾ, സെൻട്രൽ പൊലീസ് ഓർഗനൈസേഷൻ എന്നിവയുമായി ചേർന്ന് റോഡ്മാപ്പ് രൂപപ്പെടുത്തും.

✪✪✪

ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്രിവാൾ ജയിൽ മോചിതനായി.ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട CBI കേസിൽ സുപ്രീം കോടതിയാണ് അദ്ദേഹത്തിന് ജാമ്യം അനുവദിച്ചത്.

✪✪✪

CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ഭൗതിക ശരീരം രാവിലെ 11 മുതൽ വൈകിട്ട് 3 വരെ ഡൽഹി AKG ഭവനിൽ പൊതുദർശനത്തിന് വയ്ക്കും. ഡൽഹി എയിംസിൽ നിന്ന് മൃതദേഹം ഇന്നലെ വസന്ത്കുഞ്ജിലെ വീട്ടിലേയ്ക്ക് കൊണ്ടുവന്നിരുന്നു.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, ആന്ധ്രപ്രദേശ് മുഖ്യമന്ത്രി N. ചന്ദ്രബാബു നായിഡു, BJP അധ്യക്ഷൻ JP നദ്ദ തുടങ്ങിയവർ ഇന്നലെ യെച്ചൂരിയുടെ വീട്ടിലെത്തി അന്തിമോപചാരം അർപ്പിച്ചു. പൊതുദർശനത്തിന് ശേഷം മൃതദേഹം വൈദ്യശാസ്ത്ര പഠനത്തിനായി ഡൽഹി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് കൈമാറും.

✪✪✪

ഇന്ത്യയുടെ ആധുനിക ലൈറ്റ് ടാങ്ക് സൊരാവ്ർ - ന്റെ പ്രാഥമിക പരീക്ഷണ ഓട്ടം DRDO വിജയകരമായി പൂർത്തിയാക്കി. ഉയർന്ന പ്രദേശങ്ങളിലെ ഉപയോഗത്തിന് വേണ്ടി നിർമ്മിച്ച ടാങ്കിന്റെ മരുഭൂമി മേഖലയിലെ പരീക്ഷണത്തിൽ മികച്ച ഫലം ലഭ്യമായെന്ന് DRDO അറിയിച്ചു. വിജയകരമായി പരീക്ഷണം പൂർത്തിയാക്കിയ സൈന്യത്തെയും DRDO ശാസ്ത്രജ്ഞരെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അനുമോദിച്ചു.

✪✪✪

കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിച്ച വാട്ടർ മെട്രോ ഫെറി ഹരിതബോട്ട് കൊച്ചി വാട്ടർ മെട്രോയ്ക്ക് ജല ഗതഗതത്തിനായി കൈമാറി. വൈദ്യുതി ഹൈബ്രിഡ് സംവിധാനത്തോടു കൂടിയ ബോട്ട്, മെട്രോ-ഷിപ്-യാർഡ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ കപ്പൽശാലയിലാണ് വാട്ടർമെട്രോ ഏറ്റുവാങ്ങിയത്.

കൊച്ചി കപ്പൽശാല നിർമ്മിയ്ക്കുന്ന രാജ്യത്തെ ഏറ്റവും വലിയ മണ്ണുമാന്തി കപ്പലിന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മറ്റൊരു ചടങ്ങിൽ ഓൺലൈനായി കീലിട്ടു. DCI ഡ്രെഡ്ജ് ഗോദാവരി എന്ന പേരിലാണ് കപ്പൽ നിർമ്മിക്കുന്നത്.

✪✪✪

ഇന്ത്യയിലെത്തുന്ന ഏറ്റവും വലിയ ചരക്കുകപ്പൽ MSC- ക്ലോഡ് ജിറാർ ഡെറ്റ് - വിഴിഞ്ഞം തുറമുഖത്ത് കണ്ടയ്നറുകൾ ഇറക്കി പോർച്ചുഗലിലേക്ക് യാത്ര തിരിച്ചു. മലേഷ്യയിൽ നിന്നാണ് കപ്പൽ വിഴിഞ്ഞത്ത് എത്തിയത്.

✪✪✪

ഇന്ന് ഉത്രാടം. നാളത്തെ തിരുവോണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങിക്കഴിഞ്ഞു. ഓണക്കോടിയെടുക്കാനും സദ്യവട്ടങ്ങൾക്ക് സാധനങ്ങൾ വാങ്ങാനുമായി അവസാന ഓട്ടത്തിലാണ് മലയാളികൾ. ഈ നെട്ടോട്ടത്തെയാണ് ഉത്രാടപ്പാച്ചിലെന്ന് വിശേഷിപ്പിക്കുന്നത്.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പൂക്കള മത്സരം ഉൾപ്പെടെ ആഘോഷ ഇനങ്ങൾ പലതും ക്ലബുകളും സ്ഥാപനങ്ങളും വെട്ടിക്കുറച്ചിരുന്നെങ്കിലും കോളേജുകളിലും സ്കൂളുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഓണാഘോഷം സംഘടിപ്പിച്ചിരുന്നു.

✪✪✪

ശബരിമലയിൽ ഓണ പൂജകൾ പുലർച്ചെ ആരംഭിച്ചു. ഇന്നലെ വൈകിട്ട് ഓണ - കന്നിമാസ പൂജകൾക്കായി സന്നിധാനത്ത് നട തുറന്ന് ദീപം തെളിയിച്ചിരുന്നു. തുടർച്ചയായി ഒൻപത് ദിവസം ഭക്തർക്ക് ദർശനത്തിന് ഇത്തവണ അവസരമുണ്ടായിരിക്കും. ചടങ്ങുകൾ പൂർത്തിയാക്കി ഈ മാസം 21 ന് രാത്രി പത്തിന് നടയടയ്ക്കും.

ഇന്നും നാളെയും മറ്റന്നാളും സന്നിധാനത്തെത്തുന്ന എല്ലാ ഭക്തർക്കും ഓണസദ്യ നൽകും.

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആചാരങ്ങളുടെ ഭാഗമായി ഓണവില്ല് സമർപ്പണം നാളെ പുലർച്ചെ അഞ്ചിന് നടത്തും. ഓണവില്ല് ബുക്ക് ചെയ്തവർക്ക് ആദ്യഘട്ട വിതരണം ഈ മാസം 19 ന്

ആരംഭിക്കും. തിരുവോണ ദിനത്തിൽ ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് ഓണസദ്യ നൽകാൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

✪✪✪

കഴിഞ്ഞ നാല് വർഷമായി നിർത്തിവെച്ചിരിക്കുന്ന ലക്ഷദ്വീപ് - ബേപ്പൂർ പാസഞ്ചർ കപ്പൽ സർവീസ് അടിയന്തരമായി പുനഃസ്ഥാപിക്കാൻ കേന്ദ്രം നടപടിയെടുക്കുമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി കോഴിക്കോട്ട് അറിയിച്ചു. മലബാർ ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികകൾ നൽകിയ നിവേദനത്തിന് നൽകിയ മറുപടിയിലാണ് സുരേഷ് ഗോപി ഇക്കാര്യം അറിയിച്ചത്.

കോഴിക്കോട് വിമാനത്താവളത്തിലെ വലിയ വിമാനങ്ങളുടെ സർവീസ്, എയിംസ്, ബേപ്പൂർ തുറമുഖ വികസനം തുടങ്ങിയ വിഷയങ്ങളിൽ ചേംബർ ഓഫ് കൊമേഴ്സ് സംഘം സുരേഷ് ഗോപിയുമായി ചർച്ചയും നടത്തി.

✪✪✪

മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുകയാണ് ഗവൺമെന്റ് ലക്ഷ്യമെന്ന് മന്ത്രി A K ശശീന്ദ്രൻ പറഞ്ഞു. ദേവികുളത്ത് RRT യ്ക്കായി നിർമ്മിച്ച സ്ഥിരം താമസ സൗകര്യം, മനുഷ്യ- വന്യജീവി സംഘർഷ ലഘൂകരണത്തിനായി നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ എന്നിവ ഇരവികുളം ദേശീയോദ്യോനത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചടങ്ങിൽ ഏഷ്യയിലെ ആദ്യ കാർബൺ നെഗറ്റീവ് ദേശീയോദ്യാനമായി ഇരവികുളത്തെ മന്ത്രി പ്രഖ്യാപിച്ചു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ് FC.-കൊച്ചി ഫോഴ്സാ FC മത്സരം സമനിലയിൽ പിരിഞ്ഞു. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലെ മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ തിരുവനന്തപുരത്ത് ഇന്നലത്തെ മത്സരങ്ങളിൽ തൃശൂർ ടൈറ്റൻസും, ഏരീസ് കൊല്ലം സെയ്ലേഴ്സും ജേതാക്കളായി. ആദ്യമത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ, കൊല്ലം മൂന്ന് വിക്കറ്റിനാണ് തോൽപ്പിച്ചത്.

രണ്ടാം മത്സരത്തിൽ തൃശൂർ ടൈറ്റൻസ്, ആലപ്പി റിപ്പിൾസിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി.

ലീഗിൽ ഇന്ന് ഉച്ചയ്ക്ക് രണ്ടരയ്ക്ക് കൊച്ചി ബ്ലൂ ടൈഗേഴ്സും, ഫിനെസ് തൃശൂർ ടൈറ്റൻസും ഏറ്റുമുട്ടും.

രണ്ടാം മത്സരത്തിൽ വൈകിട്ട് 6.45 ന് ഏരീസ് കൊല്ലം സെയ്ലേഴ്സ്, അദാനി ട്രിവാൻഡ്രം റോയൽസിനെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ, മുംബൈ സിറ്റി FC മത്സരം സമനിലയിൽ പിരിഞ്ഞു. കൊൽക്കത്തയിലെ ഉദ്ഘാടന മത്സരത്തിൽ ഇരു ടീമുകളും രണ്ടു ഗോളുകൾ നേടി. ഇന്ന് ഒഡിഷ FC ചെന്നൈയിൻ FC യെയും ബംഗളുരു FC ഈസ്റ്റ് ബംഗാളിനെയും നേരിടും.

✪✪✪

ചൈനയിലെ ഹുലുൻബുയറിൽ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി പുരുഷ ടൂർണമെന്റിലെ ഫൈനൽ പൂൾ മാച്ചിൽ ഇന്ത്യയിന്ന് പാക്കിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.15 നാണ് മത്സരം. ദക്ഷിണ കൊറിയയ്ക്കെതിരായ ലീഗ് ഘട്ട മത്സരം ജയിച്ച് ഇന്ത്യ നേരത്തെ സെമിഫൈനലിൽ കടന്നിരുന്നു.

✪✪✪

മലയാള ടെലിവിഷൻ രംഗത്തിന് നൽകിയ സമഗ്ര സംഭാവനയ്ക്ക് സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയ 2022 ലെ ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് ബൈജു ചന്ദ്രനെ തിരഞ്ഞെടുത്തു. തിരുവനന്തപുരം ദൂരദർശന്റെ ആദ്യകാല പ്രോഗ്രാം പ്രൊഡ്യൂസറായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം ആദ്യ DD മലയാളം വാർത്താ ബുള്ളറ്റിന്റെ പ്രൊഡ്യൂസർ കൂടിയായിരുന്നു. നാല് പതിറ്റാണ്ടു കാലം വിദ്യാഭ്യാസം, വിജ്ഞാനം, വിനോദം എന്നിവയുടെ വിനിമയത്തിന് ടെലിവിഷൻ മാധ്യമത്തെ സർഗാത്മകമായി വിനിയോഗിച്ച വ്യക്തിയാണ് ബൈജു ചന്ദ്രനെന്ന് ജൂറി അഭിപ്രായപ്പെട്ടു. രണ്ട് ലക്ഷം രൂപയും, പ്രശംസാപത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

✪✪✪

ആലപ്പുഴ സുഭദ്ര കൊലക്കേസിൽ മൂന്നുപേരുടെ അറസ്റ്റ് രേഖപ്പെടുത്തിയതായി ആലപ്പുഴ ജില്ലാപൊലീസ് മേധാവി M P മോഹന ചന്ദ്രൻ അറിയിച്ചു. മാത്യുസ്, ശർമിള , മാത്യുസിന്റെ സുഹൃത്തും

ബന്ധുവുമായ റൈനോൾഡ് എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കൊലപ്പെടുത്തുന്നതിന് മുമ്പ് പ്രതികൾ പലദിവസങ്ങളിലും സുഭദ്രയെ മയക്കി കിടത്തി സ്വർണം കൈക്കലാക്കിയിരുന്നു. ഇത് തിരികെ ചോദിച്ചതാണ് കൊലപാതകത്തിന് കാരണമെന്ന് S.P പറഞ്ഞു.

✪✪✪

കൊച്ചിയിലെ ചിലവന്നൂർ ബണ്ട് റോഡ് പാലത്തിലൂടെ ഈ മാസം 17 മുതൽ അത്യാവശ്യ സർവീസുകൾക്കൊഴികെ ഗതാഗതം നിരോധിച്ചതായി KMRL അറിയിച്ചു. പാലം പുനർനിർമ്മാണവും, പൈൽ ഭാര പരിശോധനയും മുൻനിർത്തിയാണ് ഗതാഗത നിരോധനം.

✪✪✪

ഉള്ളിയുടെ കുറഞ്ഞ കയറ്റുമതി വില നിയന്ത്രണം കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കിയതായി വിദേശ വ്യാപാര ഡയറക്ടറേറ്റ് ജനറൽ അറിയിച്ചു. നേരത്തെ, കുറഞ്ഞ കയറ്റുമതി വില ടണ്ണിന് 550 US ഡോളറായി നിശ്ചയിച്ചിരുന്നു. കുറഞ്ഞ കയറ്റുമതി വില നീക്കം ചെയ്യുന്നതോടെ ഇന്ത്യൻ കർഷകർക്ക് ആഗോള വിപണി സാഹചര്യങ്ങൾ പ്രയോജനപ്പെടുത്താനും , ആഭ്യന്തര വില സ്ഥിരത കൈവരിക്കാനും കഴിയുമെന്ന് ഡയറക്ടറേറ്റ് ജനറൽ അറിയിച്ചു.

✪✪✪